REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-07-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറ് ദിവസത്തെ വിദേശ പര്യടനം നാളെ ആരംഭിക്കും.**
- **വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കറിന്റെ ഖത്തർ, ബഹ്റൈൻ, കുവൈറ്റ്, ഒമാൻ ഔദ്യോഗിക സന്ദർശനത്തിന് ഇന്ന് തുടക്കം.**
- **സംസ്ഥാന ഗവൺമെന്റിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ്, സാമൂഹ്യ നീതി വകുപ്പുകൾ 468 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുമെന്ന് മന്ത്രി വി.ഇ അബ്ദുൾ ഗഫൂർ.**
- **സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ മൊറോക്കോയും ഫ്രാൻസും ക്വാർട്ടറിൽ**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറ് ദിവസത്തെ വിദേശ പര്യടനം നാളെ ആരംഭിക്കും. ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് എന്നീ രാജ്യങ്ങളാണ് മോദി സന്ദർശിക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്

...........വോയ്സ്........

ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്റോയുടെ ക്ഷണപ്രകാരം നാളെ മുതൽ ബുധനാഴ്ച വരെ ഇന്തോനേഷ്യ സന്ദർശിക്കുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി സമുദ്ര സുരക്ഷാ സഹകരണം ചർച്ച ചെയ്യും. പ്രധാനമന്ത്രി മോദിയുടെ നാലാമത്തെ ഇന്തോനേഷ്യൻ സന്ദർശനമാണിത്.

2018ൽ ഇന്ത്യ-ഇന്തോനേഷ്യ ബന്ധം 'സമഗ്ര തന്ത്രപ്രധാന പങ്കാളിത്ത തലത്തിലേക്ക് ഉയർത്തിയതിനു ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തുന്ന ആദ്യ ഉഭയകക്ഷി സന്ദർശനം കൂടിയാണിത്. സന്ദർശന വേളയിൽ, മോദി ഇന്തോനേഷ്യൻ പ്രസിഡന്റുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും. ജക്കാർത്തയിൽ, ഇന്ത്യൻ പ്രവാസികളുടെ സമ്മേളനത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും,

തുടർന്ന് ഓസ്ട്രേലിയയിലെ മെൽബണിലെത്തുന്ന പ്രധാനമന്ത്രി, ഇരുരാജ്യങ്ങളും തമ്മിലെ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ ഈ മാസം 10, 11 തീയതികളിൽ അദ്ദേഹം ന്യൂസിലാൻഡിലെത്തുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു.

✪✪✪

ഗുജറാത്തിലെ സനന്ദിൽ സി.ജി സെമി ഔട്ട്സോഴ്സ്ഡ് സെമികണ്ടക്ടർ അസംബ്ലി ആൻഡ് ടെസ്റ്റ് സൗകര്യം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ ഉദ്ഘാടനം ചെയ്തു. 7,500 കോടിയിലധികം രൂപ ചെലവിൽ ഇന്ത്യ സെമികണ്ടക്ടർ മിഷന്റെ കീഴിൽ വികസിപ്പിച്ചെടുത്തസൗകര്യം രാജ്യത്തിന്റെ സാങ്കേതിക ഉൽപ്പാദന മുന്നേറ്റത്തിലെ പ്രധാന നാഴികക്കല്ലാണ്.

പൂർണ്ണമായും പ്രവർത്തനക്ഷമമായാൽ, പദ്ധതിക്ക് 5 ബില്യൺ സെമികണ്ടക്ടർ ചിപ്പുകളുടെ വാർഷിക ഉൽപ്പാദന ശേഷിയുണ്ടാകും. മെമ്മറി, സ്റ്റോറേജ് എന്നിവയുമായി ബന്ധപ്പെട്ട് വർദ്ധിച്ചുവരുന്ന ആഗോള ആവശ്യം പരിഹരിക്കാൻ ഇത് സഹായകമാകും.

✪✪✪

അമേരിക്കൻ സ്വാതന്ത്ര്യത്തിന്റെ 250-ാം വാർഷികവേളയിൽ US പ്രസിഡന്റ് ട്രംപിനും അമേരിക്കൻ ജനതയ്ക്കും പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ നേർന്നു. ജനാധിപത്യം, നിയമവാഴ്ച, എന്നിവയിൽ തന്ത്രപരമായ പങ്കാളിത്തത്തിനപ്പുറം പരസ്പര വിശ്വാസത്തിൽ അധിഷ്ഠിതമായ ബന്ധമാണ് ഇന്ത്യയും അമേരിക്കയും തമ്മിലെന്ന് മോദി സമൂഹമാധ്യമക്കുറിപ്പിൽ പറഞ്ഞു.

✪✪✪

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കറിന്റെ ഖത്തർ, ബഹ്റൈൻ, കുവൈറ്റ്, ഒമാൻ ഔദ്യോഗിക സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഈ മാസം 10 വരെയാണ് സന്ദർശനം. ഈ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുമായും സഹമന്ത്രി മാരുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും.

ഒമാൻ സന്ദർശനത്തിന് ശേഷം, യുഎൻ സുരക്ഷാ കൗൺസിലിന്റെ കാലാവധിയുമായി ബന്ധപ്പെട്ട ഇന്ത്യൻ പ്രചാരണത്തിന് തുടക്കം കുറിക്കാൻ ജയ്ശങ്കർ ന്യൂയോർക്ക് സന്ദർശിക്കും.

ബ്രസ്സൽസിൽ യൂറോപ്യൻ യൂണിയൻ, ബെൽജിയൻ പ്രതിനിധികളുമായും അദ്ദേഹം കൂടിക്കാഴ്ച്ച നടത്തും.

✪✪✪

പാർലമെന്റിന്റെ വർഷകാല സമ്മേളനം ഈ മാസം 20 മുതൽ ഓഗസ്റ്റ് 13 വരെ ചേരും. ഇത് സംബന്ധിച്ച ഗവൺമെന്റ് ശുപാർശയ്ക്ക് രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകിയതായി പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു ന്യൂഡൽഹിയിൽ അറിയിച്ചു. ദേശീയ പ്രാധാന്യമുള്ള വിവിധ വിഷയങ്ങളിൽ ചർച്ചകൾക്കും തീരുമാനങ്ങൾക്കുമാകും സമ്മേളനത്തിൽ മുൻഗണന നൽകുകയെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

രാജ്യത്ത് ഉള്ളിയുടെ സംഭരണവില ക്വിന്റലിന് 1,875 രൂപയിൽ നിന്ന് 2,125 രൂപയായി ഉയർത്തി. ഇതോടെ വിലയിൽ 13 ശതമാനം വർധനയുണ്ടായി. പരിഷ്കരിച്ച സംഭരണവില, കരുതൽ ശേഖരണ നടപടികളെ പിന്തുണയ്ക്കുന്നതിനൊപ്പം ഉള്ളികർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കുമെന്നും ഉപഭോക്തൃകാര്യ ഭക്ഷ്യ - പൊതുവിതരണ മന്ത്രാലയം അറിയിച്ചു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ്, സാമൂഹ്യ നീതി വകുപ്പുകൾ ചേർന്ന് 468 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കുമെന്ന് മന്ത്രി വി.ഇ അബ്ദുൾ ഗഫൂർ അറിയിച്ചു. തീരദേശ വികസനം, മത്സ്യത്തൊഴിലാളികളുടെ ക്ഷേമം, ആധുനിക അടിസ്ഥാന സൗകര്യ വികസനം എന്നിവ ലക്ഷ്യമിട്ട വിപുലമായ പദ്ധതികളാണ് കർമ്മപരിപാടിയുടെ ഭാഗമായി നടപ്പാക്കുന്നത്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ മാത്രം 396.15 കോടി രൂപയുടെ പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഫിഷറീസ് വകുപ്പിന് കീഴിൽ 35 കോടി രൂപയുടെയും സാമൂഹ്യനീതി വകുപ്പിന് കീഴിൽ 37 കോടിയിലേറെ രൂപയുടെയും വിവിധ പദ്ധതികൾ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പദ്ധതികൾ സമയബന്ധിതമായി തീർക്കാൻ മന്ത്രി വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകി.

✪✪✪

പ്ലസ് വൺ പ്രവേശനോത്സവം നാളെ. സംസ്ഥാന തല ഉദ്ഘാടനം കോഴിക്കോട് തലക്കുളത്തൂർ C.M.M ഹയർസെക്കൻഡറി സ്കൂളിൽ മന്ത്രി N ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്യും.

✪✪✪

പൊതു വിദ്യാലയങ്ങളിലെ പഠനസാഹചര്യങ്ങൾ ഗണ്യമായി മെച്ചപ്പെട്ടിട്ടുണ്ടെന്നും, AI സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന പഠനരീതികൾക്ക് മികച്ച അടിസ്ഥാന സൗകര്യങ്ങൾ അനിവാര്യമാണെന്നും മന്ത്രി N ഷംസുദ്ധീൻ പറഞ്ഞു.

മലപ്പുറം ആതവനാട് മാട്ടുമ്മൽ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ അക്കാദമിക് ബ്ലോക്ക് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സബ് സെന്ററായി പ്രവർത്തിക്കുന്ന ചെറൂപ്പ ഹെൽത്ത് സെന്ററിന്റെ സമഗ്ര വികസനത്തിന് ഉടൻ മാസ്റ്റർ പ്ലാൻ തയാറാക്കുമെന്നും ആധുനിക സാമൂഹികാരോഗ്യ കേന്ദ്രമായി ആശുപത്രിയെ ഉയർത്തുമെന്നും മന്ത്രി കെ. മുരളീധരൻ പറഞ്ഞു. സെന്ററിന്റെ വികസന സാധ്യതകൾ മനസ്സിലാക്കാൻ ആശുപത്രി സന്ദർശനത്തിനെത്തിയതായിരുന്നു മന്ത്രി .

50 കോടി രൂപയുടെ വികസന പ്രവൃത്തികളുടെ മാസ്റ്റർ പ്ലാൻ എത്രയും വേഗം തയാറാക്കാൻ കോഴിക്കോട് മെഡിക്കൽ കോളേജ് അധികൃതരുമായി പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

പത്തനംതിട്ട ജില്ലയിൽ മറ്റന്നാൾ ഷിഗല്ല ബോധവത്കരണ ദിനമായി ആചരിക്കുമെന്ന് മന്ത്രി PC വിഷ്ണുനാഥ് അറിയിച്ചു. ആരോഗ്യം, വിദ്യാഭ്യാസം,തദ്ദേശം തുടങ്ങി വിവിധ വകുപ്പുകളെ ഉൾപ്പെടുത്തിയാകും പരിപാടി സംഘടിപ്പിക്കുക. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന അവലോകനയോഗ ത്തിനുശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

വയോജന ക്ഷേമത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ വകയിരുത്തുന്ന ഫണ്ട് കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ട്, കേരള സംസ്ഥാന വയോജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതല യോഗം നാളെ തിരുവനന്തപുരത്ത് ചേരും.

മേയർമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ, മുൻസിപ്പൽ ചെയർമാൻസ് ചേംബർ എന്നിവയുടെ ഭാരവാഹികളും, സംസ്ഥാന പ്ലാനിംഗ് ബോർഡ്, കില, സംസ്ഥാന വയോജന വകുപ്പ് എന്നിവയുടെ പ്രതിനിധികളും യോഗത്തിൽ പങ്കെടുക്കും.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

നെഹ്റുട്രോഫി വള്ളംകളി നാടിന്റെ തനത് സംസ്കാരത്തിന്റെ ഭാഗവും ആലപ്പുഴയുടെ വികാരവു മാണെന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. ഈ വർഷത്തെ വള്ളംകളി വിജയകരമാക്കണമെന്നും കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന നെഹ്റുട്രോഫി ബോട്ട് റേസ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് യോഗത്തിൽ മന്ത്രി നിർദേശിച്ചു.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ കാനഡയെ തോൽപ്പിച്ച് മൊറോക്കോ ക്വാർട്ടറിൽ പ്രവേശിച്ചു. മറ്റൊരു മത്സരത്തിൽ പരാഗ്വെയെ പരാജയപ്പെടുത്തി മുൻ ചാമ്പ്യൻമാരായ ഫ്രാൻസും ക്വാർട്ടറിലെത്തി.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ

...........വോയ്സ്........

✪✪✪

ICC വനിതാ ട്വന്റി 20 ലോകകപ്പ് ഫൈനലിൽ ഇന്ന് ഇംഗ്ലണ്ട് ഓസ്ട്രേലിയയെ നേരിടും. ലണ്ടനിലെ ലോർഡ്സ് ക്രിക്കറ്റ് ഗ്രൗണ്ടിൽ  രാത്രി എട്ടിനാണ് മത്സരം. ഇരു ടീമുകളും തോൽവി അറിയാതെയാണ് കിരീടപ്പോരാട്ടത്തിന് ഇറങ്ങുന്നത്.

✪✪✪

ഇന്ത്യ - ഇംഗ്ലണ്ട് ട്വന്റി20 പുരുഷ അഞ്ചു മത്സര ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇംഗ്ലണ്ടിന് ജയം. മാഞ്ചസ്റ്ററിൽ നാല് വിക്കറ്റിനാണ് അവർ ഇന്ത്യയെ പരാജയപ്പെടുത്തിയത്. ഇന്ത്യ ഉയർത്തിയ 191 റൺസ് വിജയലക്ഷ്യം ഇംഗ്ലണ്ട് 19 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ മറികടന്നു.

മൂന്നാം മത്സരം മറ്റന്നാൾ  നോട്ടിംഗ്ഹാമിലെ ട്രെന്റ് ബ്രിഡ്ജിൽ നടക്കും.

✪✪✪

കോഴിക്കോട് ജില്ലാ സബ് ജൂനിയർ- ജൂനിയർ, അക്വാറ്റിക് ചാമ്പ്യൻഷിപ്പ് അടുത്ത ശനിയാഴ്ച നടക്കാവ് സ്പോർട്സ് കൗൺസിൽ സ്വിമ്മിങ് പൂളിൽ നടക്കും. ഈ മാസം 16 മുതൽ 19 വരെ തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാന ചാമ്പ്യൻ ഷിപ്പിൽ പങ്കെടുക്കുന്ന ജില്ലാ ടീമിനെ ഈ ചാമ്പ്യൻഷിപ്പിൽ നിന്ന്  തിരഞ്ഞെടുക്കും.

✪✪✪

പാലക്കാട്ടെ സ്വകാര്യ ഭൂമിയിൽ നിന്ന് വനംവകുപ്പ് ഏറ്റെടുത്ത ചന്ദനമരത്തിന്റെ വില യഥാസമയം നൽകുന്നതിൽ ഉണ്ടായ വീഴ്ചയെ തുടർന്ന് ഒമ്മല്ല ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ VA സതീഷിനെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തു.

✪✪✪

*News  Editor : പി ചന്ദ്രബാബു*
*News Reader: അബ്ദുൾ കബീർ*
*News Team:രജ്ന കെ*
*DEO: സി കെ സുബോധ്*